## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

( ഹാജർ. V. VIGNESHWARI. IAS )

വിഷയം:- വനിത ശിശു വികസന വകുപ്പ്-ഐ.സി.ഡി.എസ്-2024-25 സക്ഷം അങ്കണവാടി നവീകരണം 6 അങ്കണവാടികളുടെ നവീകരണാനുമതി മാറ്റി നൽകി മൂന്നാം ഉത്തരവും- പിശകുകൾ തിരുത്തിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:
1. കേന്ദ്ര സർക്കാരിന്റെ 24.01.2025 ലെ CD-I-12/2/2024-CD-I(e-115277) നമ്പർ കത്ത്.
2. ഈ കാര്യാലയത്തിലെ 17.02.2026 ലെ ഇതേ നമ്പർ ഉത്തരവ്.
3. ഈ കാര്യാലയത്തിലെ 19.12.2025, 24.02.2026 തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ.
4. വിവിധ ജില്ലകളിൽ നിന്നും സെന്റർ മാറ്റത്തിനായി ലഭ്യമായ അപേക്ഷകൾ.

**<u>ഉത്തരവ് നം: DWCD/4419/2024-ICDSA7 തീയതി: 18-05-2026</u>**

2021-22 വർഷം മുതൽ 2025-26 വർഷത്തിനുള്ളിൽ പ്രതിവർഷം 40000 അങ്കണവാടികൾ എന്ന തോതിൽ 2 ലക്ഷം അങ്കണവാടികൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ 60:40 അനുപാതത്തിൽ സക്ഷം അങ്കണവാടികളായി നവീകരിക്കുന്നതിന് കേന്ദ്ര സർക്കാർ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. 6 വയസ്സിന് താഴെയുള്ള കുട്ടികളുടെ സർഗാത്മകവും സാമൂഹികവും വൈകാരികവും വൈജ്ഞാനികവും ബൗദ്ധികവുമായ വികാസം ഉത്തേജിപ്പിക്കുന്നതിനായി പോഷൺവാടികൾ ഉൾപ്പെടെ മെച്ചപ്പെട്ട പോഷകാഹാര വിതരണത്തിനായി അങ്കണവാടികൾ ശക്തിപ്പെടുത്തുന്നതിനും ഇൻ്ററർനെറ്റ്/വൈ. ഫൈ കണക്ടിവിറ്റി, LED സ്ക്രീനുകൾ, വാട്ടർ പ്യൂരിഫെയർ, ആർ.ഒ മെഷീൻ ഇൻസ്റ്റലേഷൻ, സ്മാർട്ട് ലേണിംഗ് എയ്ഡുകൾ. ഓഡിയോ വിഷൽ എയ്ഡുകൾ, ശിശു സൗഹൃദ പഠനോപകരണങ്ങൾ എന്നിവയുൾപ്പെടെ മികച്ച അടിസ്ഥാന സൗകര്യങ്ങളോട്ടു കൂടി അങ്കണവാടികൾ നവീകരിക്കുന്നതിനും കൂടുതൽ സേവനങ്ങൾ അങ്കണവാടികൾ മുഖേന ലഭ്യമാക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

2024-25 സാമ്പത്തിക വർഷം 2192 അങ്കണവാടികളെ സക്ഷം അങ്കണവാടികളാക്കി നവീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം അനുമതി ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം 2192 അങ്കണവാടികൾക്ക് നവീകരണാനുമതിയും ഫണ്ടും അനുവദിച്ചിരുന്നു. വിവിധ ജില്ലകളിൽ നിന്നും സെന്റർ മാറ്റത്തിനായി അപേക്ഷ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ടി അങ്കണവാടികളിൽ നിന്നും പരാമർശം (3) പ്രകാരം 518 (402+116) അങ്കണവാടികൾക്ക് സെന്റർ മാറ്റം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

നിലവിൽ പരാമർശം (2) പ്രകാരം അനുമതി നൽകിയ അങ്കണവാടികളിൽ വിവിധ കാരണങ്ങളാൽ നവീകരണം സാധ്യമല്ലാത്ത അങ്കണവാടികളെ ലിസ്റ്റിൽ നിന്നും ഒഴിവാക്കി പകരം നവീകരണം ആവശ്യമായ അങ്കണവാടികൾക്ക് അനുമതി മാറ്റി നൽകുന്നതിനായി വിവിധ പ്രോഗ്രാം ഓഫീസർമാർ സമർപ്പിച്ച അപേക്ഷകളിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന പ്രകാരം സെന്റർ മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

<table>
<tr><td rowspan="2">ക്രമ നമ്പർ</td><td rowspan="2">ജില്ല</td><td colspan="2">നവീകരണാനുമതി റദ്ദ് ചെയ്യുന്ന അങ്കണവാടി</td><td colspan="2">പകരം അനുമതി നൽകുന്ന അങ്കണവാടി</td></tr>
<tr><td>ICDS ന്റെ പേര്</td><td>സെന്റർ നമ്പർ</td><td>ICDS ന്റെ പേര്</td><td>സെന്റർ നമ്പർ</td></tr>
<tr><td>1</td><td>കൊല്ലം</td><td>ശാസ്താംകോട്ട</td><td>40</td><td>ശാസ്താംകോട്ട</td><td>41</td></tr>
<tr><td>2</td><td>കൊല്ലം</td><td>ശാസ്താംകോട്ട</td><td>91</td><td>ശാസ്താംകോട്ട</td><td>100</td></tr>
<tr><td>3</td><td>കൊല്ലം</td><td>ശാസ്താംകോട്ട</td><td>88</td><td>ശാസ്താംകോട്ട</td><td>85</td></tr>
<tr><td>4</td><td>ആലപ്പുഴ</td><td>പട്ടണക്കാട്</td><td>75</td><td>പട്ടണക്കാട്</td><td>64</td></tr>
<tr><td>5</td><td>ആലപ്പുഴ</td><td>വെളിയനാട്</td><td>83</td><td>വെളിയനാട്</td><td>84</td></tr>
<tr><td>6</td><td>മലപ്പുറം</td><td>തിരൂരങ്ങാടി അഡീഷണൽ</td><td>56</td><td>തിരൂരങ്ങാടി അഡീഷണൽ</td><td>46</td></tr>
</table>

ഇതോടൊപ്പം പരാമർശം (2) പ്രകാരം അനുമതി നൽകിയ എറണാകുളം ജില്ലയിലെ കോതമംഗലം ICDS പ്രോജക്ടിലെ സെ.നം. 86 അങ്കണവാടിയുടെ പോഷൻ ട്രാക്കർ കോഡ് 32595100405 -എന്നത് **32595100419-** എന്നാക്കി തിരുത്തിയും ഉത്തരവാകുന്നു.

പ്രസ്തുത സാഹചര്യത്തിൽ ടി മാറ്റങ്ങൾക്ക് അനുസൃതമായി പരാമർശം (2) പ്രകാരം അനുവദിച്ച തുക പുതിയ അങ്കണവാടികൾക്ക് മാറ്റി അനുവദിക്കുന്നതിനും വിനിയോഗിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മേൽ ഭേതഗതിയോട്ടു കൂടി പരാമർശം (2,3) എന്നിവ നിലനിൽക്കുന്നതാണ്.

( V. VIGNESHWARI. IAS )

**വനിത ശിശുവികസന ഡയറക്ടർ**

പകർപ്പ് :

1. ബന്ധപ്പെട്ട ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക്
2. ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക്
3. ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക്
4. സ്റ്റോക്ക് ഫയൽ /സ്പെയർ

Digitally signed by
Vigneshwari V
Date: 18-05-2026
18:02:49